**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 119** **27-07-2021 - ൽ മറുപടിയ്ക്ക്**

**മോട്ടോർ തൊഴിലാളികൾക്ക് ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ലോക്ക്ഡൗൺ കാലത്ത് വാഹനങ്ങൾ നിരത്തിലിറക്കാൻ കഴിയാത്തതു മൂലം സംസ്ഥാനത്തെ മോട്ടോർ തൊഴിലാളികൾ പ്രതിസന്ധിയിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ലോക്ക്ഡൗൺ കാലത്ത് വാഹനങ്ങൾ നിരത്തിലിറക്കാൻ കഴിയാത്തതു മൂലം സംസ്ഥാനത്തെ മോട്ടോർ തൊഴിലാളികളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി വാഹനങ്ങളുടെ നികുതി അടയ്ക്കുന്നതിനുള്ള സമയം പല തവണ നീട്ടി നൽകുകയും സ്റ്റേജ് കാര്യേജിന്റെയും കോൺട്രാക്ട് കാര്യേജിന്റെയും ഏതാനും ക്വാർട്ടറുകളിലെ നികുതി പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2020 -ൽ ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ചു നൽകിയിരുന്നു. ആദ്യ ഘട്ടത്തിൽ ടേബിൾ (I) വിഭാഗത്തിലെ സ്റ്റേജ് കാര്യേജ്, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 5000/- രൂപ വീതവും ടേബിൾ (II) വിഭാഗത്തിൽപ്പെട്ട ഗുഡ്സ് വാഹനത്തിലെ തൊഴിലാളികൾക്ക് 3500/- രൂപയും ടേബിൾ (III) വിഭാഗത്തിൽപ്പെട്ട ടാക്സികാർ, ഒമ്നിവാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2500/- രൂപ വീതവും ടേബിൾ (IV) വിഭാഗത്തിൽപ്പെട്ട ഓട്ടോറിക്ഷാ, ട്രാക്ടർ തൊഴിലാളികൾക്ക് 2000/- രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയിരുന്നു.കൂടാതെ സർക്കാർ അനുമതിക്കു വിധേയമായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന സ്കാറ്റേർഡ് തൊഴിലാളികൾക്കും 1000/- രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. ഇതോടൊപ്പം ടി കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ തൊഴിലാളികൾക്ക് 40,37,42,886/-രൂപ (നാല്പത് കോടി മുപ്പത്തിഏഴു ലക്ഷത്തി നാല്പത്തി |

| | | | |
|---|---|---|---|
| | | | രണ്ടായിരത്തി എണ്ണൂറ്റി എൺപത്തി ആറ് രൂപ മാത്രം)വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ വ്യാപനം അതിരൂക്ഷമാകുകയും ലോക്ഡൗൺ നീട്ടുകയും ചെയ്ത സാഹചര്യത്തിൽ എല്ലാ തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1000/- രൂപ വീതം അനുവദിച്ച നൽകിയിരുന്നു. തൊഴിലാളികളുടെ സാമ്പത്തിക അരക്ഷിതാവസ്ഥ കണക്കിലെടുത്ത് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള ഒരു വർഷ കാലയളവിലെ ഉടമാ തൊഴിലാളി അംശാദായം (ഏകദേശം 200കോടി രൂപ)സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. 2021ൽ കോവിഡ്-19 ന്റെ രണ്ടാം തരംഗത്തെ തുടർന്നുണ്ടായ ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്കാറ്റേർഡ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും തൊഴിലാളികൾക്കും 1000/- രൂപ വീതം അടിയന്തിര ധനസഹായമായി നാളിതുവരെ, 1,41,029 തൊഴിലാളികൾക്ക് 14,10,29,000/-രൂപ (പതിനാലു കോടി പത്ത് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരം രൂപ മാത്രം)ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ഉടമാ തൊഴിലാളി അംശാദായം (ഏകദേശം 100 കോടി രൂപ) ഒഴിവാക്കി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഇൻഷ്വറൻസ്, ലോൺ തിരിച്ചടവ് തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്ര സർക്കാരും ബാങ്കുകളുമാണ് തീരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |
| (ബി) | വരുമാനം നിലച്ചിരിക്കുമ്പോഴും ഇൻഷ്വറൻസ്, ടാക്സ്, ലോൺ തിരിച്ചടവ് തുടങ്ങിയവയിൽ ഇളവ് ലഭിക്കാത്തതിനാൽ പ്രസ്തുത തൊഴിലാളികൾ കടുത്ത സാമ്പത്തിക ബാധ്യതയിൽപ്പെട്ടിരിക്കുകയാണെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (ബി) | ലോക്ക്ഡൗൺ കാലത്ത് വാഹനങ്ങൾ നിരത്തിലിറക്കാൻ കഴിയാത്തതു മൂലം സംസ്ഥാനത്തെ മോട്ടോർ തൊഴിലാളികളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി വാഹനങ്ങളുടെ നികുതി അടയ്ക്കുന്നതിനുള്ള സമയം പല തവണ നീട്ടി നൽകുകയും സ്റ്റേജ് കാര്യേജിന്റെയും കോൺട്രാക്ട് കാര്യേജിന്റെയും ഏതാനും ക്വാർട്ടറുകളിലെ നികുതി പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2020 -ൽ ഒട്ടേറെ |

ധനസഹായങ്ങൾ അനുവദിച്ചു നൽകിയിരുന്നു. ആദ്യ ഘട്ടത്തിൽ ടേബിൾ (I) വിഭാഗത്തിലെ സ്റ്റേജ് കാര്യേജ്, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 5000/- രൂപ വീതവും ടേബിൾ (II) വിഭാഗത്തിൽപ്പെട്ട ഗുഡ്സ് വാഹനത്തിലെ തൊഴിലാളികൾക്ക് 3500/- രൂപയും ടേബിൾ (III) വിഭാഗത്തിൽപ്പെട്ട ടാക്സികാർ, ഒമ്നിവാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2500/- രൂപ വീതവും ടേബിൾ (IV) വിഭാഗത്തിൽപ്പെട്ട ഓട്ടോറിക്ഷാ, ട്രാക്ടർ തൊഴിലാളികൾക്ക് 2000/- രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയിരുന്നു.കൂടാതെ സർക്കാർ അനുമതിക്കു വിധേയമായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന സ്കാറ്റേർഡ് തൊഴിലാളികൾക്കും 1000/- രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. ഇതോടൊപ്പം ടി കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ തൊഴിലാളികൾക്ക് 40,37,42,886/-രൂപ (നാല്പത് കോടി മുപ്പത്തിഏഴ് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി എണ്ണൂറ്റി എൺപത്തി ആറ് രൂപ മാത്രം)വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ വ്യാപനം അതിരൂക്ഷമാകുകയും ലോക്ഡൗൺ നീട്ടുകയും ചെയ്ത സാഹചര്യത്തിൽ എല്ലാ തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1000/- രൂപ വീതം അനുവദിച്ചു നൽകിയിരുന്നു. തൊഴിലാളികളുടെ സാമ്പത്തിക അരക്ഷിതാവസ്ഥ കണക്കിലെടുത്ത് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള ഒരു വർഷ കാലയളവിലെ ഉടമാ തൊഴിലാളി അംശാദായം (ഏകദേശം 200കോടി രൂപ)സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. 2021ൽ കോവിഡ്-19 ന്റെ രണ്ടാം തരംഗത്തെ തുടർന്നുണ്ടായ ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്കാറ്റേർഡ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും തൊഴിലാളികൾക്കും 1000/- രൂപ വീതം അടിയന്തിര ധനസഹായമായി നാളിതുവരെ, 1,41,029 തൊഴിലാളികൾക്ക് 14,10,29,000/-രൂപ (പതിനാല്ല് കോടി പത്ത് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരം രൂപ മാത്രം)ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021ഏപ്രിൽ മുതൽ സെപ്റ്റംബർ

| | | | |
|---|---|---|---|
| | | | വരെയുള്ള ഉടമാ തൊഴിലാളി അംശാദായം (ഏകദേശം 100 കോടി രൂപ) ഒഴിവാക്കി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഇൻഷുറൻസ്, ലോൺ തിരിച്ചടവ് തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്ര സർക്കാരും ബാങ്കുകളുമാണ് തീരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |
| (സി) | ലോക്ക്ഡൗൺ മൂലം വരുമാനം നിലച്ച പ്രസ്തുത തൊഴിലാളികൾക്ക് ഇൻഷുറൻസ്, ടാക്സ് തുടങ്ങിയവയിൽ ഇളവും പ്രതിസന്ധി പരിഹരിക്കുന്നതിന് ധനസഹായ പാക്കേജും പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ലോക്ക്ഡൗൺ കാലത്ത് വാഹനങ്ങൾ നിരത്തിലിറക്കാൻ കഴിയാത്തതു മൂലം സംസ്ഥാനത്തെ മോട്ടോർ തൊഴിലാളികളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി വാഹനങ്ങളുടെ നികുതി അടയ്ക്കുന്നതിനുള്ള സമയം പല തവണ നീട്ടി നൽകുകയും സ്റ്റേജ് കാര്യേജിന്റെയും കോൺട്രാക്ട് കാര്യേജിന്റെയും ഏതാനും ക്വാർട്ടറുകളിലെ നികുതി പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2020 -ൽ ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ച് നൽകിയിരുന്നു. ആദ്യ ഘട്ടത്തിൽ ടേബിൾ (I) വിഭാഗത്തിലെ സ്റ്റേജ് കാര്യേജ്, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 5000/- രൂപ വീതവും ടേബിൾ (II) വിഭാഗത്തിൽപ്പെട്ട ഗുഡ്സ് വാഹനത്തിലെ തൊഴിലാളികൾക്ക് 3500/- രൂപയും ടേബിൾ (III) വിഭാഗത്തിൽപ്പെട്ട ടാക്സികാർ, ഒമ്നിവാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2500/- രൂപ വീതവും ടേബിൾ (IV) വിഭാഗത്തിൽപ്പെട്ട ഓട്ടോറിക്ഷാ, ട്രാക്ടർ തൊഴിലാളികൾക്ക് 2000/- രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിരുന്നു.കൂടാതെ സർക്കാർ അനുമതിക്ക് വിധേയമായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന സ്കാറ്റേർഡ് തൊഴിലാളികൾക്കും 1000/- രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. ഇതോടൊപ്പം ടി കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ തൊഴിലാളികൾക്ക് 40,37,42,886/-രൂപ (നാല്പത് കോടി മുപ്പത്തിഏഴ് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി എണ്ണൂറ്റി എൺപത്തി ആറ് രൂപ മാത്രം)വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ വ്യാപനം അതിരൂക്ഷമാകുകയും ലോക്ഡൗൺ നീട്ടുകയും ചെയ്ത സാഹചര്യത്തിൽ എല്ലാ തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1000/- രൂപ വീതം |

| | | | |
|---|---|---|---|
| | | | അനുവദിച്ച നൽകിയിരുന്നു. തൊഴിലാളികളുടെ സാമ്പത്തിക അരക്ഷിതാവസ്ഥ കണക്കിലെടുത്ത് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള ഒരു വർഷ കാലയളവിലെ ഉടമാ തൊഴിലാളി അംശാദായം (ഏകദേശം 200കോടി രൂപ)സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. 2021ൽ കോവിഡ്-19 ന്റെ രണ്ടാം തരംഗത്തെ തുടർന്നുണ്ടായ ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്കാറ്റേർഡ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും തൊഴിലാളികൾക്കും 1000/- രൂപ വീതം അടിയന്തിര ധനസഹായമായി നാളിതുവരെ, 1,41,029 തൊഴിലാളികൾക്ക് 14,10,29,000/-രൂപ (പതിനാല്ല കോടി പത്ത് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരം രൂപ മാത്രം)ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ഉടമാ തൊഴിലാളി അംശാദായം (ഏകദേശം 100 കോടി രൂപ) ഒഴിവാക്കി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഇൻഷുറൻസ്, ലോൺ തിരിച്ചടവ് തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്ര സർക്കാരും ബാങ്കുകളുമാണ് തീരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ലോക്ഡൗൺ ഏർപ്പെടുത്തിയതിനാൽ വിവിധ വിഭാഗങ്ങളിലുള്ള വാഹനങ്ങളുടെ വാഹന നികുതി ഒഴിവാക്കുകയും നികുതി അടയ്ക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഓട്ടോ, ടാക്സി, ടൂറിസ്റ്റ് ബസ്സുകൾ ഉൾപ്പെടെയുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് 2020-2021 സാമ്പത്തിക വർഷത്തിൽ രണ്ട് ക്വാർട്ടറുകളിലെ നികുതി പൂർണ്ണമായി ഒഴിവാക്കി നൽകുകയുണ്ടായി. ഒരു ക്വാർട്ടറിലെ നികുതി 20% വും മറ്റൊരു ക്വാർട്ടറിലെ 50% വും നികുതി ഇളവ് നൽകിയിട്ടുണ്ട്. സ്വകാര്യ ബസ്സുകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂന്ന് ക്വാർട്ടറുകളിലെ നികുതി പൂർണ്ണമായും ഒരു ക്വാർട്ടറിലെ നികുതിയുടെ 50% വും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റേജ് കാര്യേജുകളുടെയും കോൺട്രാക്ട് കാര്യേജുകളുടെയും ഈ സാമ്പത്തിക വർഷത്തിലെ നികുതി അടയ്ക്കുവാൻ 2021 ആഗസ്റ്റ് 31 വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത നികുതി ഒഴിവാക്കണമെന്ന ആവശ്യം വാഹന ഉടമകളുടെ സംഘടനകൾ ഉന്നയിച്ചിട്ടുണ്ട്. ഈ ആവശ്യം ധനകാര്യ വകുപ്പുമായി ആലോചിച്ചു പരിഗണിക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചു വരികയാണ്. ചരക്ക് വാഹനങ്ങളുടെ നികുതി അടയ്ക്കുന്നതിനുള്ള കാലാവധി കഴിഞ്ഞ സാമ്പത്തിക വർഷം നാലു തവണ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഈ വർഷത്തെ നികുതി അടയ്ക്കുന്നതിനുള്ള കാലാവധി നീട്ടണമെന്ന ആവശ്യവും പരിഗണനയിലുണ്ട്. വാഹന സംബന്ധമായ എല്ലാത്തരം രേഖകളുടെയും കാലാവധി 30.09.2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ബാങ്ക് ലോൺ തവണകളിലെ പലിശയും പിഴ പലിശയും ഒഴിവാക്കണമെന്ന് ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മൊറൊട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറൊട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര

സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.  2016 ന ശേഷം പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് ഇന്ധന വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതിനനുസരിച്ച് കുറയുന്നതാണ്.

ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും  ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ചു നൽകിയിരുന്നു. ആദ്യ ഘട്ടത്തിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ സ്റ്റേജ് കാര്യേജ്, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 5000/- രൂപ വീതവും ഗുഡ്സ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 3500/- രൂപയും ടാക്സികാർ, ഒമ്നിവാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2500/- രൂപ വീതവും ഓട്ടോറിക്ഷാ, ട്രാക്ടർ തൊഴിലാളികൾക്ക് 2000/- രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയിരുന്നു. കേരള  മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന സ്കാറ്റേർഡ് തൊഴിലാളികൾക്കും 1000/- രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. ഇതോടൊപ്പം  ആനുകൂല്യവും പെൻഷനും ഇനത്തിൽ തൊഴിലാളികൾക്ക് 40,37,42,886/- രൂപ (നാല്പത് കോടി മുപ്പത്തിഏഴ് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി എണ്ണൂറ്റി എൺപത്തി ആറ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ വ്യാപനം അതിരൂക്ഷമാകുകയും ലോക്ഡൗൺ നീട്ടുകയും ചെയ്ത സാഹചര്യത്തിൽ മേൽ വിഭാഗത്തിലെ എല്ലാ തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1000/- രൂപ വീതം അനുവദിച്ചു നൽകിയിരുന്നു. തൊഴിലാളികളുടെ സാമ്പത്തിക അരക്ഷിതാവസ്ഥ കണക്കിലെടുത്ത് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള ഒരു വർഷ കാലയളവിലെ ഉടമാ തൊഴിലാളി അംശാദായമായ ഏകദേശം 200 കോടി രൂപ സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്.

2021ൽ കോവിഡ്-19 ന്റെ രണ്ടാം തരംഗത്തെ തുടർന്നുണ്ടായ ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്കാറ്റേർഡ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും തൊഴിലാളികൾക്കും 1000/- രൂപ വീതം അടിയന്തിര ധനസഹായമായി നാളിതുവരെ 1,41,029 തൊഴിലാളികൾക്ക് 14,10,29,000/-രൂപ (പതിനാലു കോടി പത്ത് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരം രൂപ മാത്രം)ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള ഉടമാ തൊഴിലാളി അംശാദായം ഒഴിവാക്കി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.